20 (*48) റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിന് പദ്ധതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ലോകബാങ്കിന്റെ സഹായത്തോടെ റോഡുകളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം പാലങ്ങളുടെയും റോഡുകളുടെയും പണിയാണ് ഏറ്റെടുത്തത്;

(ഇ) ഇതിൽ ഏതെല്ലാം റോഡുകളുടെയും പാലങ്ങളുടെയും പണി പൂർത്തീകരിച്ചു;

(എഫ്) ഇപ്പോൾ പണി നടന്നു കൊണ്ടിരിക്കുന്ന റോഡുകളും പാലങ്ങളും ഏവ; അവയുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ ജോസഫ്) :

(എ)&(ബി) ദേശീയപാതാവിഭാഗത്തിൽ റോഡുകളുടെ വികസനത്തിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് റോഡുകളുടെ വികസനത്തിനായി റോഡു ബലപ്പെടുത്തുന്ന പണികൾ, വീതി കൂട്ടുന്ന പണികൾ നിലവിലുള്ള പാലങ്ങളുടെ അറ്റകുറ്റപ്പണികൾ പുതിയ പാലങ്ങളുടെ പണികൾ എന്നിവ ഓരോ വർഷവും ഏറ്റെടുത്ത് നടത്തിവരുന്നു. 1999-2000 സാമ്പത്തിക വർഷത്തിലേക്ക് റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനായി കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിൽനിന്നും 152.10 കോടി രൂപ വാർഷിക പദ്ധതി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനായി ഒരു റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ രൂപീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഹൈവേകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും വികസനം ലക്ഷ്യമാക്കി 'റൈറ്റ്സ്' എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം പഠനം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2810 കി.മീറ്റർ ദൈർഘ്യം വരുന്ന റോഡുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾക്കായി പരിഗണിക്കുന്നതിനായി 1997-ൽ കേന്ദ്രഗവണ്മെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രാരംഭ അംഗീകാരങ്ങൾക്കുശേഷം ലോകബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി 2810 കി.മീറ്റർ ദൈർഘ്യമുള്ള റോഡുകളുടെ ടെക്നോ എക്കണോമിക്കൽ സർവ്വേകളും പരിസ്ഥിതി പഠനങ്ങളും നടത്തി ഏറ്റവും അത്യാവശ്യമായി വികസിപ്പിക്കേണ്ട 1000 കി.മീറ്റർ ദൂരത്തിലുള്ള റോഡുകളുടെ നിലവാരം ഉയർത്തുവാനും 800 കി.മീറ്റർ ദൂരം മെയിന്റനൻസും റിപ്പയറും ചെയ്യുവാനുള്ള അപ്രൈസൽ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് അതു സംബന്ധിച്ച പഠന സർവ്വേകൾ ചെയ്യുന്നതിനുള്ള കൺസൾട്ടന്റിനെ ലോകബാങ്കിന്റെ നിർദ്ദേശമനുസരിച്ച് നിയമിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി ലോകബാങ്ക് ആവശ്യപ്പെട്ട പ്രകാരം ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ലോകബാങ്കിന് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള സാമൂഹിക സാമ്പത്തിക, സാങ്കേതിക, പാരിസ്ഥിതിക സർവ്വേകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പഠന സർവ്വേകളും വിശദമായ എൻജിനീയറിംഗ് ഡിസൈനുകളും 2000-മാണ്ട് അവസാനത്തോടുകൂടി തയ്യാറാക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ അഞ്ച് വർഷം നീളുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ പരമ്പരാഗതമായ ഉൾനാടൻ ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഒരു ജല ഗതാഗത പരീക്ഷണ പദ്ധതിയുടെ പഠനവും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ 105 കി.മീ. ദൂരം ഉൾനാടൻ കനാലുകളാണ് പഠനത്തിന് വിധേയമാക്കുന്നത്.

(ഡി),(ഇ)&(എഫ്) വിവരം ശേഖരിച്ചുവരുന്നു.

21 (*49) സമഗ്ര വിദ്യാഭ്യാസ പദ്ധതി

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എഴുകോൺ നാരായണൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസത്തിന് സമഗ്രമായ ഒരു പാഠ്യപദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഈ ആവശ്യം ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരെല്ലാം;

(ഡി) ആവശ്യത്തോടുള്ള ഗവണ്മെന്റിന്റെ സമീപനം എന്തെന്ന് വിശദീകരിക്കുമോ;

(ഇ) ഈ ആവശ്യത്തിനായി എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കാമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി)&(സി) പല വിദഗ്ദ്ധ സമിതികളും സംഘടനകളും ഈ ആവശ്യം ഉന്നയിച്ചിരുന്നു.

(ഡി) സമഗ്രമായുള്ള പാഠ്യപദ്ധതിക്കുള്ള സമീപന രേഖയ്ക്ക് എസ്. സി.ഇ.ആർ.ടി. അന്തിമരൂപം നൽകിവരുന്നു.

(ഇ) ഈ സമീപനരേഖ വ്യാപകമായി ചർച്ച ചെയ്തതിനുശേഷമേ കരിക്കുലം മാറ്റത്തിന് സമഗ്രരൂപമാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly